# Weekly Devotion -August 2018

## Deceitful Heart ( വഞ്ചനയുള്ള ഹൃദയം)




ഒരിക്കൽ ദൈവദാസനായ സാധുസുന്ദർസിംഗ് ഒരു കൺവൻഷനിൽ പ്രസംഗിച്ച ശേഷം അദ്ദേഹത്തിനുവേണ്ടി ഒരുക്കിയ വീട്ടിൽ വിശ്രമിക്കുവാനെത്തി. അപ്പോൾ ഒരു മനുഷ്യൻ നിലവിളിച്ചുകൊണ്ട് ഓടി വന്ന് പറഞ്ഞു, "സാധുജീ, എന്റെ ഭാര്യ മരിച്ചു പോയി, കുഴിച്ചിടുവാൻ നിവൃത്തിയില്ല. ഞാൻ ദരിദ്രനാണ് സഹായിക്കേണമേ." സാധു തന്റെ സഞ്ചിയിലുണ്ടായിരുന്ന സമ്പാദ്യം കുടഞ്ഞിട്ട്, എണ്ണി ആ മനുഷ്യന് കൊടുത്തിട്ട് പറഞ്ഞു " എന്റെ പക്കൽ ഇത്രയുമേ ഉള്ളൂ, ബാക്കി ദൈവം തരും" പണം വാങ്ങിപോയ മനുഷ്യൻ അല്പസമയത്തിനുള്ളിൽ അലറിവിളിച്ച് മടങ്ങി വന്നു. കാരണം തിരക്കിയപ്പോൾ പറഞ്ഞത് "അങ്ങയെ കബളിപ്പിച്ച് നേടിയ പണവുമായി സന്തോഷത്തോടെ വീട്ടിൽ ചെന്നപ്പോൾ കണ്ടത് ആരോഗ്യവതിയായ എന്റെ ഭാര്യ മരിച്ചുകിടക്കുന്നതാണ്. സാധുജീ ഇപ്രകാരം പറഞ്ഞു " ഞാനെന്തു ചെയ്യും ഞാൻ വിശ്വസിച്ചു പോയി. ഞാൻ വിശ്വസിച്ചത് സംഭവിച്ചു ഇനി തിരിച്ചെടുക്കുവാൻ എനിക്ക് കഴിയുകയില്ല ! വഞ്ചനയുടെ ഹൃദയത്തോടെ ആത്മാർത്ഥതയില്ലാത്ത വാക്കുകൾ ഉപയോഗിച്ച് കബളിപ്പിക്കുമ്പോൾ വരുവാൻ പോകുന്ന ശിക്ഷയെപ്പറ്റി ഓർക്കുന്നില്ല.

സദൃ: (26:18,19) വാക്യങ്ങളിൽ കൂട്ടുകാരനെ വഞ്ചിച്ചിട്ട് കളി എന്ന് പറയുന്ന മനുഷ്യൻ തീകൊള്ളികളും അമ്പുകളും മരണവും എറിയുന്ന ഭ്രാന്തനെപ്പോലെയാകുന്നു എന്ന് കാണുന്നു.

"Deceitful heart means that is dishonest by making other people belive something that is not true"

വ്യാജവാക്കുകൾ പറഞ്ഞ് മറ്റുള്ളവരെ വഞ്ചിക്കുന്നവൻ യഹോവയെ മറയ്ക്കുന്നവരാണ്. അവർക്കുള്ള ശിക്ഷ (സങ്കീ (50:22) ൽ കാണുന്നു. വഞ്ചനയുള്ള ഹൃദയത്തിന്റെ ഉടമ ദുഷ്ടനാണ്. സങ്കീ:(36:1-4) വരെയുള്ള വാക്യങ്ങളിൽ നിന്നും വഞ്ച

നയുള്ള ഹൃദയത്തിന്റെ ഏഴ് പ്രത്യേകതകൾ നമുക്ക് കാണാം. ദുഷ്ടനോട് അയാളുടെ വഞ്ചനയുള്ള ഹൃദയം മന്ത്രിക്കുന്ന കാര്യങ്ങളാണ് അവ.

(1) ദുഷ്ടന് ദൈവവുമില്ല ദൈവഭയവുമില്ല. ദൈവഭയമില്ലാത്തവൻ ഏത് തെറ്റും ചെയ്യുവാൻ തയ്യാറാകും.ഇത് സന്മാർഗ്ഗ അധപതനത്തിന് കാരണമാകും

2) തന്റെ അനീതി ആർക്കും കണ്ടുപിടിക്കുവാൻ കഴിയുകയില്ല എന്ന് അവൻ സ്വയം പുകഴ്ത്തിപറഞ്ഞ് മറ്റുള്ളവരെ കബളിപ്പിക്കുന്നു.

3) അവന്റെ വായിലെ വാക്കുകൾ ആകൃത്യവും വഞ്ചനയും ഉള്ളതാകുന്നു. ആകൃത്യവും, വഞ്ചനയും നരകത്തിലെ രണ്ട് വേട്ടപ്പട്ടികളാണ്. ഒന്ന് പിടിക്കാത്ത ഇരയെ മറ്റേത് പിടിക്കും. അതേ പാപിയുടെ വായിലെ വാക്കുകൾ അവനെ മരണവഴിയിലെത്തിക്കുന്നു.

4)നന്മ ചെയ്യുന്നതും വിവേക പൂർവ്വമായ പെരുമാറ്റവും അവൻ വിട്ടുകളയുന്നു.

5) വിശ്രമസ്ഥലം ദുഷ്ടൻ ഗൂഢാലോചനയുടെ സ്ഥലമാക്കിമാറ്റുന്നു.

6) നല്ലതല്ലാത്ത മാർഗ്ഗത്തിൽ ദുഷ്ടൻ സഞ്ചരിക്കുന്നു.

7. ദുഷ്ടൻ ദോഷത്തെ വെറുക്കുന്നില്ല.

വഞ്ചനയുള്ള ഹൃദയത്തിന്റെ ഉടമ നല്ല പ്രവർത്തി ചെയ്യുന്നവരുടെ പ്രവർത്തികളിൽ നിന്നും അവരെ മുക്കുന്നു. വധഭീഷണി മുഴക്കുന്നതിനു മുൻപ് രമ്യതയുടെ വാക്കുകളുമായി അവൻ എത്തും. നെഹ്യാവിനെപ്പോലെ ഉപവസിച്ച് പ്രാർത്ഥിക്കുന്നവർക്കേ അത് ഗ്രഹിപ്പാൻ കഴിയുകയുള്ളൂ.

Read = നെഹ: 6:7-11

കൂലിമോഹിച്ച് വഞ്ചനയുടെ ഹൃദയവുമായി പുറപ്പെട്ട ബിലെയാം തന്റെ ഹൃദയത്തിൽ നിറഞ്ഞത് പുറത്താക്കാതെ യഹോവ ഒരു വചനം നാവിന്മേലാക്കി. (സംഖ്യ :23:5) അപ്പോൾ അവൻ സുഭാഷിതം ചൊല്ലി. ആ നാവുകൊണ്ട് ദൈവജനത്തെ വഞ്ചിക്കുന്നതെങ്ങനെ എന്ന് ശത്രുവിനോട് അറിയിക്കുകയും ചെയ്തു. വഞ്ചനയുടെ കൂലി ശത്രുവിന്റെ വാളിനിരയായി അവൻ സ്വീകരിച്ചു.

പ്രിയരേ! ദുർമ്മോഹം വഞ്ചകന്റെ പിടിയിലെത്തിയ്ക്കും എന്ന് മറക്കരുത്. പിന്നീട് ഹവ്വ പറഞ്ഞതുപോലെ പാമ്പ് എന്നെ വഞ്ചിച്ചു എന്ന് പറഞ്ഞ് വിലപിക്കാനിടയാകരുത്. ലോകമോഹത്തെ വിട്ട് ദൈവവചനത്തിലാശ്രിയിച്ച് സത്യമുള്ളവരായി ജീവിപ്പാൻ ദൈവം സഹായിക്കട്ടെ.

Santhamma Varghese

*Website: www.biblestudy.co.in*
*Email: biblestudy.co.in@gmail.com*
Facebook: https://www.facebook.com/biblestudyind